http://theendtimenews.com/



## തകർച്ചയിലൂടെ അനുഗ്രഹത്തിലേക്ക്



തുടർച്ച 05 പേജിൽ

CHRISTIAN NEWS AUGUST 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:44 Pages:14 Reg: TVM/1717/2014, Established:USA, Published from:India



## ക്രിസ്ത്യൻ മിഷണറിമാർ ഇന്ത്യ വിടുക: വിവാദ പരാമർശവുമായി ബിജെപി എം പി

വാർത്ത 07 പേജിൽ

## താലിബാനുമായി ചർച്ച നടത്തുമെന്ന് യൂറോപ്യൻ യൂണിയൻ



വാഷിംഗ്ടൺ: ആരോടും പ്രതികാരത്തിനില്ലെന്ന താലിബാന്റെ പ്രഖ്യാപനം വിശ്വാസത്തിലെടുക്കുകയാണ് പാശ്ചാത്യലോകം. അഫ്ഗാനിൽ നിന്നുള്ള ഒഴിപ്പിക്കലിന് എല്ലാവിധ സൗകര്യവും ഉറപ്പാക്കുമെന്ന് താലിബാൻ ഉറപ്പ് നൽകിയതായി വൈറ്റ് ഹൗസ് വ്യക്തമാക്കി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജാക്ക് സുള്ളിവനാണ് ഇക്കാര്യം അറിയിച്ചത്. താലിബാനുമായി ചർച്ച നടത്തുമെന്ന് യൂറോപ്യൻ യൂണിയനും വ്യക്തമാക്കി. അഫ്ഗാനെ ഏതെങ്കിലും രാജ്യത്തിനെതിരായ താവളം ആക്കി മാറ്റില്ലെന്നായിരുന്നു താലിബാന്റെ പ്രഖ്യാപനം. ദോഹയിലായിരുന്ന താലിബാൻ നേതാക്കൾ കാബൂളിൽ മടങ്ങിയെത്തിയശേഷം നടത്തിയ വാർത്താസമ്മേളനം താലിബാൻ വക്താവ് സബീഹുല്ല മുജാഹിദ് ലോകത്തിന്റെ സംശയഹ്ങൾക്ക് ഓരോന്നായി മറുപടി നൽകി. മതനിയമങ്ങൾ പാലിച്ചു ഭരണം നടത്താൻ താലിബാന് അവകാശമുണ്ട്. ഇസ്ലാമിക നിയമത്തിന്റെ വ്യവസ്ഥയ്ക്ക് ഉള്ളിൽ നിന്ന് സ്ത്രീക്ക് അവകാശങ്ങൾ അനുവദിക്കും. ജോലിയും പഠനവും മതപരിധിക്ക് ഉള്ളിൽ നിന്ന് മാത്രമായിരിക്കും. അഫ്ഗാന്റെ സംസ്കാരത്തിനുള്ളിൽ നിന്ന് മാധ്യമങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കും. ഇസ്ലാം വിരുദ്ധമായ ഒന്നും മാധ്യമങ്ങളിൽ അനുവദിക്കില്ല. ശത്രുക്കളെ സൃഷ്ടിക്കാൻ താലിബാൻ ആഗ്രഹിക്കുന്നില്ല. ഇതുവരെ താലിബാനോട് ശത്രുത പുലർത്തിയവർക്കും മാപ്പ് നൽകുന്നു.ആരോടും പ്രതികാരം ചെയ്യില്ല. രാജ്യത്തുള്ള നയതന്ത്ര പ്രതിനിധികളെയോ വിദേശികളെയോ ഉപദ്രവിക്കില്ല. അന്താരാഷ്ട്ര സമൂഹവുമായി ഏറ്റുമുട്ടൽ ആഗ്രഹിക്കുന്നില്ല എന്നും താലിബാൻ നേതാക്കൾ പറഞ്ഞു.

## ക്രൈസ്തവർക്ക് ജയിൽശിക്ഷ വിധിച്ച് ചൈനീസ് കോടതി

വാർത്ത 04 പേജിൽ

## ബൈബിളിലെ ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ മുദ്രണം ഇസ്രായേലി ഗവേഷകർ കണ്ടെത്തി



വാർത്ത 07 പേജിൽ

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ്-കോൾ







# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# പരമാധികാരിയായ താലിബാൻ



അന്താരാഷ്ട്ര സമൂഹം അവിശ്വസനീയതയോടെയാണ് അഫ്ഗാൻ സൈന്യം താലിബാൻ എന്ന പഷ്തൂൺ പടയോട് ഒന്നു പൊരുതുവാൻ പോലും തയ്യാറാകാതെയുള്ള കീഴടങ്ങൽ ലോക മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും ചെയ്തത്. അമേരിക്കൻ സൈന്യത്തിൽ നിന്ന്ലോകോത്തര പരിശീലനം ലഭിച്ച ഒരു സൈന്യത്തിനാണ് ഈ ദുർഗതി. ഇപ്പോൾ അവരുടെ അത്യന്താധുനിക ആയുധങ്ങളും ഹെലികോപ്ടറുകളും വാഹനങ്ങളും ഉപയോഗിക്കുന്നത് താലിബാൻ ഭീകരരാണ്. അമേരിക്ക അഫ്ഗാൻ പരിശീലനത്തിനായി ചിലവഴിച്ചത് 83 ബില്യൺ ഡോളറാണ്. അഫ്ഗാന് സുശക്തമായി ഒരു സൈനിക വ്യൂഹം ഉണ്ടാവണമെന്നതും അതിന് ശേഷം അവിടെ നിന്ന് പിൻവാങ്ങണമെന്നുമായിരുന്നുഅമേരിക്കയുടെ പദ്ധതി. എന്നാൽ 20 വർഷത്തെ സൈനിക നടപടികൾ കഴിഞ്ഞ് മടങ്ങിയതോടെ ഒരു ലക്ഷത്തിന് മാത്രം താവെ അംഗബലമുള്ള താലിബാൻ അഫ്ഗാനിസ്ഥാന്റെ ഭരണം കൈക്കലാക്കി. സമാധാനമോ, സന്തോഷമോ തങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ എന്നുപോലും അറിയാത്ത ഒരു വലിയ സ്ത്രീ സമൂഹം മതത്തിന്റെ ഇരുട്ടറയിൽ ജീവിച്ച് മൺമറയുന്നു. ഇതിന് ഏകകാരണം 7-ാം നൂറ്റാണ്ടിൽ ജീവിച്ച്മുഹമ്മദ് എന്ന പ്രാകൃതനായ ഗോത്ര മനുഷ്യൻ പൈശാചിക ഇടപെടലുകൾ മുഖേന ലഭ്യമായ ആശയങ്ങൾ ദൈവീകം എന്ന് തെറ്റിദ്ധരിപ്പിച്ച് സ്വയേച്ഛകൾ നിരവേറ്റുകയും അതിൽ അഭിരമിക്കയും ചെയ്തു. അതുപിൽക്കാലത്ത് ഇസ്ലാം എന്ന മതമായി ലോകമെമ്പാടും 150 കോടി പിൻഗാമികൾ ഉള്ള ജനതയായി മാറി. ജനത ആകമാനം സത്യദൈവത്തെ തിരിച്ചറിയുവാനും ലോകത്ത് ശാന്തിയും സമാധാനവും നിലനിൽക്കാൻ ദൈവം ഇവരുടെ ഹൃദയങ്ങളോട് ഇടപെടുമാറാകട്ടെ.



*ബൈജു യാക്കോബ്*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




പാസ്റ്റർ ഷിബു തോമസ്,
ഒക്കലഹോമ.

# യിസ്രായേലെ നീ ഭാഗ്യവാൻ നിനക്ക് തുല്യൻ ആർ?

God's Everlasting Protection

**യി**സ്രായേലെ നീ ഭാഗ്യവാൻ നിനക്ക് തുല്യൻ ആർ? യഹോവയാൽ രക്ഷിക്കപ്പെട്ട ജനമേ, അവൻ നിന്റെ സഹായത്തിൽ പരിചയും നിന്റെ മഹിമയുടെ വാളും ആകുന്നു. നിന്റെ ശത്രുക്കൾ നിന്നോട് അനുസരണം നടക്കും നീ അവരുടെ ഉന്നതങ്ങളിന്മേൽ നടകൊള്ളും.(ആവ:33:29)

ദൈവം തിരഞ്ഞെടുത്തവർ ഭാഗ്യമുള്ളവരാണ് യഹോവ ദൈവമായിരിക്കുന്ന ജനവും അവൻ തനിക്ക് അവകാശമായി തിരഞ്ഞെടുത്തിരിക്കുന്ന ജാതിയും ഭാഗ്യമുള്ളത് യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, രാപ്പകൽ അതിനെ ധ്യാനിക്കുന്നവർ ഭാഗ്യവാന്മാർ. ലംഘനം ക്ഷമിച്ചും, പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും, ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്നവർ ഭാഗ്യവാന്മാർ. യിസ്രായേൽ ദൈവത്തിന്റെ സ്വന്തജനമാണ്. ദൈവം ഒരുവനെ ഏകനായി വിളിച്ചിറക്കി വാഗ്ദത്തങ്ങൾ കൊടുത്ത് ഉറപ്പിച്ച് ഒരു കുടുംബമാക്കി, കുലമാക്കി, ഗോത്രങ്ങളാക്കി, സമൂഹമായി ഒരു രാഷ്ട്രമാക്കി തീർത്തു. ഒരിക്കൽ യാക്കോബായിരുന്ന മനുഷ്യൻ ജീവിതത്തിലെ കുറവുകളെ കണ്ണുനീരോടെ അനുതാപത്തോടെ ഏറ്റുപറഞ്ഞ് പുതു ജീവിതത്തിനായി സമർപ്പിച്ചപ്പോൾ പേരുമാറി, യിസ്രായേൽ (ദൈവത്തിന്റെ പ്രഭു) എന്നായി. ദൈവം അനുഗ്രഹിച്ചാൽ, രൂപാന്തരം വരുത്തിയാൽ അതിന് തുല്യമായി ആരും ഇല്ല. നാം ഓരോരുത്തരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയും , രാജകീയ പുരോഹിത വർഗവും, സ്വന്തജനവും വിശുദ്ധവംശവും, കരുണ ലഭിച്ചവരും, അത്ഭുത പ്രകാശത്തിൽ നടക്കുന്നവരുമാണ്(1പത്രോസ്2:9,10). നമ്മെ പോലെ ഭാഗ്യവാൻമാർ ആരുണ്ട്? ദൈവം തിരഞ്ഞെടുത്തവർക്ക് തുല്യരായി ആരുണ്ട്? നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം വേറെ ഇല്ലായ്കയാൽ അവന്റെ മക്കളായ നമുക്ക് തുല്യരായി ആരുമില്ല. നിരാശകൾ മാറ്റി വച്ച് ഉറക്കെ ഉറക്കെ പറയുക- ഞാൻ ഭാഗ്യവാൻ, എനിക്ക് നന്മ വരും പർവ്വതങ്ങൾ മാറിപ്പോയാലും, കുന്നുകൾ നീങ്ങിപ്പോയാലും ദൈവത്തിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും വരികയില്ല. ആഭിചാരം യിസ്രായേലിന് ഫലിക്കയില്ല, ലക്ഷണവിദ്യ നിന്നോട് അടുക്കയില്ല. നീ ദൈവത്തിന് ശ്രേഷ്ഠനും മാന്യനുമാണ്. സ്വർഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളാലും ദൈവം നിന്നെ അനുഗ്രഹിച്ചിരിക്കുന്നു.

**നമ്മുടെ ദൈവത്തെ പോലെ വലിയ ദൈവം വേറെ ഇല്ലായ്കയാൽ അവന്റെ മക്കളായ നമുക്ക് തുല്യരായി ആരുമില്ല. നിരാശകൾ മാറ്റി വച്ച് ഉറക്കെ ഉറക്കെ പറയുക- ഞാൻ ഭാഗ്യവാൻ**

യേശുവേ, അങ്ങയെ അറിഞ്ഞതിനാലും ആരാധിക്കുന്നതിനാലും എനിക്കുള്ള ഭാഗ്യ പദവിക്കായി സ്തോത്രം.അവിടുത്തെ നന്മകൾ ഓരോന്നും പ്രാപിക്കാൻ എന്നെ പ്രാപ്തനാക്കേണമേ.ആമേൻ.

# ബൈബിൾ പ്ലെയർ ഉപകരണങ്ങൾ വിൽപ്പന നടത്തി; ക്രൈസ്തവർക്ക് ജയിൽശിക്ഷ വിധിച്ച് ചൈനീസ് കോടതി



**ബെയ്ജിംഗ്:** ബൈബിൾ ഉൾക്കൊള്ളുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഓൺലൈനായി വിൽപ്പന നടത്തിയ ക്രൈസ്തവർക്ക് തെക്കുകിഴക്കൻ ചൈനയിലെ കോടതി ജയിൽശിക്ഷ വിധിച്ചു. മനുഷ്യാവകാശ ലംഘനങ്ങളെപ്പറ്റി റിപ്പോർട്ട് ചെയ്യുന്ന ബിറ്റർ വിന്റർ മാസികയാണ് ഓഗസ്റ്റ് 3 ന് ഈ വാർത്ത പുറത്തു വിട്ടത്. ഷെൻസൻ നഗരത്തിൽ നടന്ന സംഭവത്തിന്റെ പേരിൽ മധ്യവയസ്കരായ 4 പേർക്കാണ് ജയിൽ ശിക്ഷയും അതോടൊപ്പം പിഴശിക്ഷയും ലഭിച്ചത്. ഇതിൽ ഒരാൾക്ക് 6 വർഷവും മറ്റൊരാൾക്ക് 3 വർഷവും ശിക്ഷ അനുഭവിക്കണം. കഴിഞ്ഞ വർഷം ജൂലൈ 2 നാണ് അറസ്റ്റ് നടന്നത്. ഇവരുടെ ലൈഫ് ട്രീ കൾച്ചർ കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകളും പോലീസ് പിടിച്ചെടുത്തു.

ഡിസംബർ മാസം നാലുപേരും വിചാരണ നേരിട്ടെങ്കിലും കോടതി വിധി വരാൻ വൈകുകയായിരുന്നു. കേസിനെപ്പറ്റി ഇവരുടെ കുടുംബാംഗങ്ങളോ, ക്രൈസ്തവ സമൂഹത്തിലെ അംഗങ്ങളോ ചർച്ച നടത്താൻ പാടില്ലെന്ന നിർദ്ദേശം അധികൃതർ നൽകിയിട്ടുണ്ടെന്ന ഗുരുതരമായ വിഷയവും റിപ്പോർട്ടിലുണ്ട്. ഏതാനും നാളുകൾക്ക് മുമ്പ് വരെ ബൈബിൾ പ്രാർത്ഥനകളും, ഇലക്ട്രോണിക് ബൈബിളുകളും വിൽക്കുന്നതിന് ചൈനയിൽ പ്രശ്നമുണ്ടായിരുന്നില്ല. എന്നാൽ 2018 മതവിശ്വാസങ്ങളെ അടിച്ചമർത്തുന്ന നിയമം ചൈന നടപ്പിലാക്കുകയും കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ഇന്റർനാഷണൽ ക്രിസ്റ്റ്യൻ കൺസേൺ എന്ന ക്രൈസ്തവ സന്നദ്ധ സംഘടനയുടെ റിപ്പോർട്ട് അനുസരിച്ച് ബൈബിൾ പതിപ്പുകൾ ഓൺലൈനിൽ ഇപ്പോൾ ലഭ്യമല്ല. ബൈബിൾ ആപ്പുകൾ ഡൗൺലോഡ് ചെയ്യണമെങ്കിൽ നിയമവിരുദ്ധമായി വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്കിന്റെ സഹായത്തോടെ മാത്രമേ അത് സാധിക്കുകയുള്ളൂ.അമേരിക്ക ആസ്ഥാനമായുള്ള ക്രൈസ്തവ സന്നദ്ധ സംഘടനയായ ഓപ്പൺ ഡോർസിന്റെ ഈ വർഷത്തെ വേൾഡ് വാച്ച് ലിസ്റ്റിൽ ക്രൈസ്തവ പീഡനം ഏൽക്കുന്ന 50 രാജ്യങ്ങളുടെ പട്ടികയിൽ പതിനേഴാം സ്ഥാനത്താണ് ചൈനയെ ഉൾപ്പെടുത്തിയിരിക്കുന്നത്.ചൈനയിലെ മതങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചിന്താഗതിയോട് അടുപ്പിക്കുക എന്ന ലക്ഷ്യവുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്.





# തകർച്ചയിലൂടെ അനുഗ്രഹത്തിലേക്ക്



**സാക് പുന്നൻ**

**ത**ന്റെ ജീവനും ശക്തിയും അധികാരവും നമുക്ക് തരുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മൾ നിരന്തരം പരാജയപ്പെടുവാനും ഒടുവിൽ തകർക്കപ്പെടുവാനും അവിടുന്ന് അനുവദിക്കുന്നത്.

ഇയ്യോബിന്റെ ചരിത്രത്തിൽ അവന്റെ വസ്തുവകകളും കുഞ്ഞുങ്ങളും ആരോഗ്യവും നഷ്ടപ്പെടുത്തി ഏറ്റവും അടിത്തട്ടിലേക്ക് ദൈവം അവനെ കൊണ്ടുവന്നത് നാം കാണുന്നു. പ്രത്യേകാർത്ഥത്തിൽ പറഞ്ഞാൽ അവനു ഭാര്യയെയും ( അവൾ അവനെ നിരന്തരം അലട്ടികൊണ്ടിരുന്നു) മൂന്നു നല്ല കൂട്ടുകാരെയും (അവർ അവനെ തെറ്റിദ്ധരിക്കയും വിമർശിക്കുകയും ചെയ്തു) നഷ്ടപ്പെട്ടു. അവന്റെ സ്നേഹിതന്മാർ സ്വയം നീതിമാന്മാരായ പ്രസംഗകരെപ്പോലെയാണ് പെരുമാറിയത്. അവൻ നിലംപരിചായപ്പോൾ അവനെ പന്തു തട്ടുന്നതുപോലെ ഇട്ടുതട്ടുന്നതിൽ അവർ ആഹ്ലാദം കണ്ടെത്തി. അവർ അവനെ തട്ടിക്കൊണ്ടിരുന്നു. ഒടുവിൽ ദൈവം തന്റെ കരുണയാൽ അതിന് ഒരന്തം വരുത്തി. ഈ സമ്മർദ്ധങ്ങളുടെ എല്ലാം നടുവിൽ ഇയ്യോബ് നിരന്തരം തന്നെ നീതീകരിക്കുകയാണ് ചെയ്തത്. ഒടുവിൽ ദൈവം അവനോടു സംസാരിച്ചപ്പോൾ അവൻ തന്റെ സ്വയം നീതീകരണത്തിലെ ജീർണതകണ്ടെത്തി അനുതപിച്ചു.

ഇയ്യോബ് നീതിമാനായ ഒരു മനുഷ്യനായിരുന്നു. അതുനല്ലതാണ് പക്ഷേ അവൻ തന്റെ നീതിയെക്കുറിച്ച് അഹംഭാവം ഉള്ളവനായിരുന്നു. അത് ചീത്തയായിരുന്നു. പക്ഷേ ദൈവം അവനോട് ഇടപെട്ടുകഴിഞ്ഞപ്പോൾ അവൻ തകർക്കപ്പെട്ട ഒരുവനായി. അവിടം മുതൽ അവൻ ദൈവത്തിൽ മാത്രം പുകഴുവാൻ തുടങ്ങി. അങ്ങനെ ഇയ്യോബിനെക്കുറിച്ചുള്ള ദൈവീക ലക്ഷ്യം പൂർത്തിയായി.

ഇയ്യോബ് തകർക്കപ്പെട്ടു കഴിഞ്ഞപ്പോൾ അവൻ എന്താണ് ദൈവത്തോട് പറഞ്ഞതെന്ന് ശ്രദ്ധിക്കുക. ഇതുവരെ ഞാൻ ഈ പ്രസംഗകരിൽ നിന്നെല്ലാം അങ്ങയെക്കുറിച്ച് കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ ഞാൻ അങ്ങനെ മുഖാമുഖം കാണുന്നു.( ഇയ്യോബ്42:5) യാക്കോബിന്റെ പെനിയേലും അതുതന്നെ ആയിരുന്നല്ലോ. യാക്കോബും ദൈവത്തിന്റെ മുഖം കണ്ടു. എന്നാൽ അവന്റെ ജീവൻ സംരക്ഷിക്കപ്പെട്ടു. അതിന്റ ഫലം എന്തായിരുന്നു? അവൻ പൊടിയിലും ചാരത്തിലും കിടന്ന് അനുതപിച്ചു (ആറാം വാക്യം). നിരവധി പ്രസംഗങ്ങൾ കൊണ്ട് അവന്റെ സ്നേഹിതർക്കു ചെയ്തെടുക്കുവാൻ കഴിയാതിരുന്നതാണ്. എന്നാൽ തന്റെ ദയയെക്കുച്ചുള്ള വെളിപ്പാട് നൽകി ദൈവം ഇയ്യോബിൽ അക്കാര്യം ഒരു നിമിഷംകൊണ്ടു ചെയ്തെടുത്തു. ദൈവത്തിന്റെ ദയയാണ് ഇയ്യോബിനെ തകർത്തതും അവനെ അനുതാപത്തിലേക്ക് നയിച്ചതും.

മീറ്റിംഗുകളിൽ പ്രസംഗകരിൽ നിന്നാണു നമ്മിൽ മിക്കവരും ദൈവത്തെക്കുറിച്ചു കേൾക്കുന്നത്. നമുക്കു വേണ്ടതു ദൈവത്തോട് ഒരു അഭിമുഖബന്ധമാണ്. അവിടെ നമ്മൾ അവിടുത്തെ ദയ കണ്ട് അതിനാൽ ഹൃദയം തകർന്നവരായിത്തീരുകയാണ് വേണ്ടത്.

പത്രോസിനും ഇതാണു സംഭവിച്ചത്. അവൻ കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു കഴിഞ്ഞ് അവൻ അവിടുത്തെ മുഖം കണ്ടു. പത്രോസിനും അവന്റേതായ പെനിയേൽ ഉണ്ടായിരുന്നു. കർത്താവു പത്രോസിന്റെ നേരെ തിരിഞ്ഞ് അവനെ നോക്കി എന്നാണു നാം വായിക്കുന്നത്(ലൂക്കോസ് 22:61) ഇതു സംഭവിക്കുമെന്ന് ഞാൻ നിനക്കു മുന്നറിയിപ്പ് നൽകിയതല്ലേ? എന്നു ചോദിക്കുന്ന കുറ്റപ്പെടുത്തുന്ന ഒരു നോട്ടമായിരുന്നില്ല കർത്താവിന്റേത്. മറിച്ച് ഞാനിപ്പോഴും നിന്നെ സ്നേഹിക്കുന്നു - നീ ആയിരിക്കുന്ന അവസ്ഥയിൽ എന്നിലുള്ള നിന്റെ വിശ്വാസം നഷ്ടപ്പെത്താതിരിക്കുക. ഞാനിതിൽ നിന്നു നിന്നെ വിടുവിക്കും. എന്ന സന്ദേശം നൽകുന്ന ആർദ്രമായ നോട്ടമായിരുന്നു അത്. ഫലം എന്തായിരുന്നു?

തുടർച്ച 06പേജ്ൽ

പത്രോസ് പുറത്തിറങ്ങി കയ്പോടെ കരഞ്ഞു.(62-ാം വാക്യം) യേശുവിന്റെ ദയാപൂർവ്വമായ ആനോട്ടവും അവന്റെ മേൽ ചൊരിഞ്ഞ ക്ഷമയും ആ പരുക്കനായ മുക്കുവന്റെ ഹൃദയത്തെ തകർത്തുകളഞ്ഞു.

പഴയ ഉടമ്പടിയിൽ ദൈവം ആരോഗ്യവും സമ്പത്തും ധാരാളം ഭൗതികാനുഗ്രഹങ്ങളും യിസ്രായേലിനു വാഗ്ദാനം ചെയ്തു. പക്ഷേ അതിലെല്ലാം മഹത്തായത് മറ്റൊരനുഗ്രഹമായിരുന്നു.( സംഖ്യ6: 22-26) ൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ യിസ്രായേൽ മക്കളെ ഇങ്ങനെ അനുഗ്രഹിക്കാനാണ് അഹരോനോട് ദൈവം ആജ്ഞാപിക്കുന്നത്. യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ. യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ.

ആരോഗ്യം, സമ്പത്ത് (അവിശ്വാസികൾക്കും പ്രാർത്ഥന കൂടാതെപോലും ലഭിക്കുന്നതാണത്) വൈകാരികാനുഭൂതികൾ (അവയിൽ പലതും വഴിതെറ്റിക്കുന്നതാണ്) എന്നിങ്ങനെയുള്ള നിലവാരം കുറഞ്ഞ അനുഗ്രഹങ്ങൾ ഇന്നു പല വിശ്വാസികളും അന്വേഷിക്കുന്നു. അതേസമയം അവരുടെ ജീവിതത്തെ അടിമുടി രൂപാന്തരപ്പെടുത്തുന്ന ഏറ്റവും വലിയ അനുഗ്രഹം- ദൈവത്തോട് ഒരു അഭിമുഖബന്ധം- അവർ ആഗ്രഹിക്കുന്നില്ലെന്നത് പരിതാപകരമല്ലെ?

നമ്മൾ സമ്പന്നരായില്ലെങ്കിലും സൗഖ്യം പ്രാപിച്ചില്ലെങ്കിലും നാം കർത്താവിന്റെ മുഖം കണ്ടാൽ അതു നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും.

ദൈവത്തെ കണ്ടപ്പോൾ ഇയ്യോബിന് ശരീരത്തിൽ മുഴുവൻ വ്രണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ രോഗസൗഖ്യത്തിനായി അവൻ ദൈവത്തോട് അപേക്ഷിച്ചില്ല. അവൻ പറഞ്ഞു ഞാൻ ദൈവത്തിന്റെ മുഖം കണ്ടല്ലോ. അതു മതി ദൈവത്തിൽ നിന്ന് ഒരു വചനവും വിവേചനവും പ്രാപിച്ചെന്ന് ഭാവിച്ച ആ മൂന്നു പ്രസംഗകരും ഇയ്യോബിനോട് പറഞ്ഞത് അവന്റെ ജീവിതത്തിലെ ഏതോ രഹസ്യപാപം മൂലം അവൻ പരീക്ഷിക്കപ്പെട്ടന്നാണ്. ഇന്നും കർത്താവ് ഇങ്ങനെ പറയുന്നു. എന്ന മുഖവുരയോടെ വ്യാജസന്ദേശങ്ങൾ നൽകുന്ന സ്വയം നിയമിച്ച പ്രവാചകന്മാർ ദൈവജനത്തെ കുറ്റംവിധിയിലേക്കു തള്ളിവിടാറുണ്ട്. പക്ഷേ ദൈവം ആ മൂന്നു പ്രവാചകന്മാരെയും പോലെ ന്യായവിധിയുടെ ഭീഷണി ഇയ്യോബിനു നേരെ മുഴക്കിയില്ല.

ഇയ്യോബിനോടു ദൈവം അവന്റെ പരാജയങ്ങളെക്കുറിച്ചു പറയുകയോ സമ്മർദ്ദത്തിലായിരുന്നപ്പോൾ അവൻ ദൈവത്തെ സംബന്ധിച്ചു പറഞ്ഞ പരാതികളെക്കുറിച്ച് ഓർമ്മിപ്പിക്കുകയോ ചെയ്യുന്നില്ല. ദൈവം ഇയ്യോബിനോട് തന്റെ ദയ മാത്രം വെളിപ്പെടുത്തി- മനുഷ്യന്റെ ആസ്വാദനത്തിനായി സൃഷ്ടിച്ച മൃഗങ്ങളിലും പ്രകടമാക്കുന്ന അവിടുത്തെ ദയ. ദൈവത്തിന്റെ ദയയെക്കുറിച്ചുള്ള ആ വെളിപ്പാടാണ് ഇയ്യോബിനെ അനുതാപത്തിലേക്ക് നയിച്ചത്. പലരും ദൈവത്തിന്റെ ദയയെ മുതലെടുത്ത ശേഷം അതിനെ പഴിപറയാറുണ്ട്. എന്നാൽ ഇയ്യോബിനെ സംബന്ധിച്ച് അതവനെ അനുതാപത്തിലേക്കാണു നയിച്ചത്. കർത്താവ് തുടർന്ന് അവനെ നേരത്തെ ഉണ്ടായിരുന്നതിൽ ഇരട്ടിയായി അനുഗ്രഹിച്ചു.

നമ്മെ തകർക്കുന്നതിൽ അവിടുത്തെ അത്യന്തിക ലക്ഷ്യം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുക എന്നതാണ്- യാക്കോബ് 5:11 നമ്മൾ വായിക്കുന്നതുപോലെ. ഇയ്യോബിനെ സംബന്ധിച്ചു ദൈവത്തിന്റെ ഹൃദയത്തിലുള്ള ഉദ്ദേശ്യം അവന്റെ സ്വയനീതിയെയും നിഗളത്തെയും ഉടച്ച് അവനെ നുറുങ്ങപ്പെട്ട ഒരു മനുഷ്യനാക്കിത്തീർക്കുക എന്നതായിരുന്നു- അങ്ങനെയെങ്കിൽ കർത്താവിന് അവനെ സമൃദ്ധിയായി അനുഗ്രഹിക്കുവാൻ കഴിയുമല്ലോ. ദൈവം നമുക്കു നൽകുന്ന ഭൗതികവും ശാരീരികവുമായ അനുഗ്രഹങ്ങൾക്കു പിന്നിൽ നാം അവിടുത്തെ മുഖം കണ്ടില്ലെങ്കിൽ ഈ ഭൗതികാനുഗ്രഹങ്ങൾ തന്നെ നമ്മെ ദൈവത്തിൽ നിന്ന് അകറ്റിക്കളയും.

ഇന്ന് ഭൗതിക സമൃദ്ധികൊണ്ട് ദൈവത്തിൽ നിന്ന് അകന്നുപോയ വിശ്വാസികൾ എത്ര! ഈ ലോകം വാഗ്ദാനം ചെയ്യുന്നതെല്ലാം ആഗ്രഹിക്കുന്നതിൽ നിന്ന് കർത്താവിന്റെ മുഖത്തിന്റെ ദർശനം നമ്മെ വിടുവിക്കും.

എന്നെ കാട്ടുക അവിടുത്തെമുഖം - ഒരു മാത്രയെങ്കിലും
ദിവ്യസ്നേഹഭരിതമത്.
അപ്പോൾ ഞാൻ അങ്ങേസ്നേഹത്തിനപ്പുറം
മറ്റൊന്നും ചിന്തിക്കുകയോ സ്വപ്നം കാണുകയോ ഇല്ല.
അപ്പോൾ മങ്ങിയ എല്ലാ വെളിച്ചവും ഇരുളാകും
തരംതാണ എല്ലാ മഹത്വവും മങ്ങിടും
ഈ ലോക സൗന്ദര്യം മേലിൽ തരിമ്പും
സുന്ദരമായ് തോന്നുകയുമില്ല.

പത്രോസ് കർത്താവിന്റെ മുഖദർശനത്തിനു മുമ്പിൽ കയ്പോടെ കരഞ്ഞു. അവസാനം അവിടെ പത്രോസ് ഹൃദയത്തകർച്ചയിലായി എന്നു നാം കരുതും. പക്ഷേ ഇല്ല. അവൻ തന്റെ പെനിയേലിനു തയ്യാറാകുന്നതിന് മുമ്പ് കർത്താവിന് അവനെ പരാജയത്തിന്റെ ഒരു അനുഭവത്തിലേക്ക് കൂടി നയിക്കേണ്ടതുണ്ടായിരുന്നു.

പത്രോസ് തന്റെ സഹ അപ്പോസ്തലന്മാരോട് ഞാൻ മീൻ പിടിക്കാൻ പോകുന്നു എന്നു പറഞ്ഞതായി യോഹന്നാൻ 21:3 ൽ നാം വായിക്കുന്നു. ആ വൈകുന്നേരം വെറുതെ ഒന്ന് മീൻ പിടിക്കാൻ പോകുന്നു എന്നല്ല അവൻ അർത്ഥമാക്കിയത്. അപ്പോസ്തലന്റെ ജോലി- അതിൽ താൻ പരാജയമായിരുന്നതിനാൽ ഉപേക്ഷിച്ച് സ്ഥിരമായി മീൻ പിടിത്തത്തിന് പോകുന്നു എന്നാണ് അവൻ അർത്ഥമാക്കിയത്.

ചില വർഷങ്ങൾക്ക് മുൻപ് കർത്താവ് അവനെ വിളിച്ചപ്പോൾ മീൻപിടിത്തം ഉപേക്ഷിച്ചവനാണ് പത്രോസ്. അവൻ അന്ന് എല്ലാം ഉപേക്ഷിച്ച് അവന് ആകാവുന്നിടത്തോളം ആത്മാർത്ഥമായി കർത്താവിനെ അനുഗമിക്കാൻ ഇറങ്ങിത്തിരിച്ചതാണ്. പക്ഷേ അവൻ തോറ്റുപോയി ഒരു അപ്പോസ്തലനായിരിക്കുന്ന പരിപാടി തനിക്കു പറ്റിയതല്ലെന്ന തോന്നലിൽ അവൻ എത്തിച്ചേർന്നു. പ്രസംഗിച്ചിട്ടുള്ളതിൽ ഏറ്റവും അത്ഭുതകരമായ സന്ദേശങ്ങൾ ജീവിച്ചിട്ടുള്ള ഏറ്റവും മഹാനായ പ്രസംഗകനിൽ നിന്ന് മൂന്നര വർഷം കേട്ടശേഷവും അവൻ കർത്താവിനെ പൂർണ്ണമായി തള്ളിപ്പറഞ്ഞു. അതും ഒരിക്കലല്ല. മൂന്നുവട്ടം. അതോടെ ഒരു അപ്പോസ്തലനാകുന്നത്

തുടർച്ച 08 പേജ്ൽ



## ക്രിസ്ത്യൻ മിഷണറിമാർ ഇന്ത്യ വിടുക: വിവാദ പരാമർശവുമായി ബിജെപി എം പി



ന്യൂഡൽഹി: ക്രിസ്ത്യൻ മിഷണറിമാർക്കെതിരെ ബിജെപി എംപി രാകേഷ് സിൻഹയുടെ പരാമർശം. ക്രിസ്ത്യൻ മിഷണറിമാർ ഇന്ത്യ വിടുക എന്ന പ്രചാരണ പരിപാടിക്ക് പിന്തുണ നൽകുകയാണെന്ന് ദൈനിക് ജാഗരണി ന് നൽകിയ ആഭിമുഖത്തിൽ സിൻഹ പറഞ്ഞെന്നാണ് റിപ്പോർട്ട്. കൂടാതെ ക്രിസ്ത്യൻ മിഷണറിമാർ ആദിവാസികളുടെ സംസ്കാരം നശിപ്പിക്കുകയാണെന്നും മതസ്വാതന്ത്ര്യം മുതലെടുക്കുകയാണെന്നും സിൻഹ ആരോപിക്കുകയും ചെയ്തു. സിൻഹയുടെ ഈ വിവാദ പരാമർശത്തിനെതിരെ ദേശീയ മെത്രാൻ സമിതിയുടെ മുൻ ഔദ്യോഗിക വക്താവായിരുന്ന ഫാ.ബാബു ജോസഫ് രംഗത്തെത്തിയിട്ടുണ്ട്. കടുത്ത ഹിന്ദുത്വവാദിയായ രാകേഷ് സിൻഹ പറഞ്ഞത് തികച്ചും അസംബന്ധമാണെന്നും വർഗീയത പടർത്തുന്ന ഇത്തരം വിവാദ പ്രസ്താവനകൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും ഫാ ബാബു ആവശ്യപ്പെട്ടു. ഗ്ലോബൽ കൗൺസിൽ ഓഫ് ഇന്ത്യൻ ക്രിസ്റ്റ്യൻസും എംപിയുടെ ഈ പരാമർശനത്തിനെതിരെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.



theendtimenews.com
Available on the iPhone App Store
ANDROID APP ON Google play

## സാത്താനിക മുദ്രയുള്ള ഷൂസ് പുറത്തിറക്കി: ബഹിഷ്കരണവും പ്രതിഷേധവുമായി വിശ്വാസികൾ



പെന്റഗ്രാം എന്ന സാത്താനിക മുദ്ര പതിച്ച ഷൂസുകൾ പുറത്തിറക്കിയ അമേരിക്കൻ കമ്പനിയായ കോൺവേർസിനെതിരെ പ്രതിഷേധം കനക്കുന്നു. ഫാഷൻ ഡിസൈനറായ റിക്ക് ഓവൻസുമായി ചേർന്നാണ് കോൺവേർസ് പെന്റഗ്രാം പതിച്ച ഷൂസി പുറത്തിറക്കിയത്. ഓവൻസിന്റെ ബ്രാൻഡ് ലോഗോയും പെന്റഗ്രാമാണ്. അതേസമയം തങ്ങളുടെ പുതിയ ഷൂസുകൾ പരിചയപ്പെടുത്തിക്കൊണ്ട് കമ്പനി ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത ചിത്രത്തിന് കീഴിൽ നിരവധി ആളുകൾ പ്രതിഷേധം രേഖപ്പെടുത്തി.



ഇത് വിഷമകരമാണ്, കോൺവേർസ് ഷൂസുകൾ ധരിച്ചാണ് വളർന്നു വന്നത്, എന്നാൽ ഷൂസുകളിലൂടെ സാത്താന് നൽകുന്ന പ്രചാരണം കണ്ടപ്പോൾ ഇനി ഇത് വാങ്ങില്ല എന്ന തീരുമാനമെടുത്തു. ദൈവം നിങ്ങളെ സഹായിക്കട്ടെ ഒരു ഉപഭോക്താവിന്റെ കമന്റ് ഇപ്രകാരമായിരുന്നു. കമ്പനിയുടെ യഥാർത്ഥ മുഖം വെളിപ്പെടുത്തിയതിന് നന്ദിയെന്നും, ഇനി ഒരിക്കലും ഈ ഷൂസുകൾ വാങ്ങില്ലായെന്നും മറ്റൊരാൾ കമന്റ് ചെയ്തു. അതേസമയം പൈശാചികതയുമായി ബന്ധമുള്ളതിനാലാണ് താൻ ഒരുപാട് നാളായി പെന്റഗ്രാം ഉപയോഗിക്കുന്നതെന്ന് റിക്ക് ഓവൻസ് തുറന്ന് സമ്മതിക്കുന്ന ഒരു കുറിപ്പും കോൺവേർസ് കമ്പനി ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

## ബൈബിളിലെ ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ മുദ്രണം ഇസ്രായേലി ഗവേഷകർ കണ്ടെത്തി



ബൈബിളിലെ ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ 3100 വർഷം പഴക്കമുള്ള മുദ്രണമുള്ള കൂജ യൂദയായുടെ മലനിരകളിൽ ഗവേഷണം നടത്തുന്ന ഇസ്രായേലി ഗവേഷകർ കണ്ടെത്തി. ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഒരാളുടെ പേരാണ് കൂജയിൽ മുദ്രണം ചെയ്തിരിക്കുന്നത്.കിർബത്ത് ഇൽ റായിയിൽ നിന്ന് ലഭിച്ച ബിസി 1100 നിന്നുള്ള കൂജയിൽ ജെറുബാൽ എന്നാണ് എഴുത്ത്. ഗിദെയോൻ എന്ന ന്യായാധിപന്റെ മറ്റൊരു പേരായിരുന്നു ജെറുബാൽ. ബൈബിളിൽ വിവരിക്കുന്ന ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ ഒരാളുടെ പേര് എഴുതപ്പെട്ട അത്രയും വർഷം പഴക്കമുള്ള ഒരു വസ്തു കിട്ടുന്നത് ഇത് ആദ്യമായിട്ടാണ് എന്ന് ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്യുന്നു.

എന്നാൽ ജെറുബാൽ എന്ന മുദ്രണം ചെയ്ത കൂജ ഗിദെയോന്റെ തന്നെയാണോന്ന് സ്ഥിരീകരിക്കാനായിട്ടില്ലെന്ന് ഗവേഷകർ വ്യക്തമാക്കി. ഷെബല്ലും, ജെസ്റേൽ വാലിയും തമ്മിലുള്ള ദൂരം നോക്കുമ്പോൾ മുദ്രണം മറ്റേതോ ജെറുബാലിനെ ഉദ്ദേശിച്ചാകാനാണ് സാധ്യതയെന്നും, എന്നാൽ സാധ്യതകളൊന്നും തള്ളിക്കളയാനാവില്ലെന്നും ഗവേഷകർ ചൂണ്ടിക്കാട്ടി. എന്നിരുന്നാലും ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ ജെറുബാൽ എന്നത് സാധാരണമായ ഒരു പേരായിരുന്നു. ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് ചരിത്രവുമായി ബന്ധമുണ്ടെന്ന് സ്ഥാപിക്കാൻ കണ്ടെത്തൽ വലിയ പങ്കുവഹിക്കുമെന്നും ഗവേഷകർ പറഞ്ഞു. ബൈബിളിലെ പഴയനിയമത്തിലെ വിവിധ സംഭവങ്ങളെ സ്ഥിരീകരിക്കുന്ന നിരവധി അവശിഷ്ടങ്ങൾ ഇതിന് മുമ്പും കണ്ടെത്തിയിട്ടുണ്ട്.

THE END TIME NEWS
VOICE OF HARVESTING SOULS MISSION

# ലേഖനം



അവനു മതിയായി. 01-ാം പേജ് തുടർച്ച

പക്ഷേ ഇപ്പോഴും പത്രോസിന് ഭംഗിയായി ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട്- മീൻപിടിത്തം. ഒരു കുട്ടിയായിരിക്കുമ്പോൾ മുതലേ അവൻ ഈ തൊഴിൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിൽ അവൻ ഒരു വിദഗ്ദനാണ്. അതുകൊണ്ട് വീണ്ടും ഒരു മീൻ പിടിത്തക്കാരനാകാൻ അവൻ തീരുമാനിച്ചു. മറ്റു ചില അപ്പോസ്തലന്മാർക്കും അങ്ങനെതന്നെ തോന്നാൻ തുടങ്ങി. അവരും ആ ആവശ്യത്തിന്റെ മണിക്കൂറിൽ കർത്താവിനെ ഉപേക്ഷിച്ച് ഓടിപ്പോയവരാണ്. അതുകൊണ്ട് അവരും മീൻപിടിത്തത്തിനു പോകുന്നു. കാരണം അപ്പോസ്തലന്മാരെന്ന നിലയിൽ അവരും പരാജയപെട്ടവരാണ്.

നിങ്ങളുടെ അനുഭവവും അവരുടേതുപോലെയാകാം. ശക്തമായ സന്ദേശങ്ങൾ കേട്ട് നിങ്ങളും ഉണർത്തപ്പെട്ടിട്ടുണ്ടാകാം. ദൈവത്തിന്റെ വചനം കേട്ട് നിങ്ങളുടെ ഹൃദയം നിങ്ങളിൽ തന്നെ കത്തിയിട്ടുണ്ടായിരിക്കാം. നിങ്ങൾ എല്ലാം ഉപേക്ഷിച്ച് സത്യസന്ധമായി കർത്താവിനെ പിൻപറ്റാൻ ശ്രമിച്ചവനാകാം. ശക്തമായ സന്ദേശങ്ങൾ കേട്ട് നിങ്ങൾ പലപ്പോഴും തീരുമാനങ്ങൾ എടുത്തിട്ടുണ്ടാകാം പല പരാജയങ്ങൾക്ക് ശേഷം നിങ്ങൾ ഒരു ഘട്ടത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടാകാം - ഇപ്രാശ്യം ഞാൻ യഥാർത്ഥമായി അതു ചെയ്യാൻ പോകുകയാണ് പക്ഷേ നിങ്ങൾ പിന്നെയും തോറ്റു. ഇന്നു നിങ്ങൾ പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ നിങ്ങൾക്കു കാണാൻ കഴിയുന്നത് പരാജയങ്ങളുടെ കൂമ്പാരം മാത്രമാണ്. നിങ്ങളിൽ ചിലർ വളരെ നിരാശപ്പെട്ട് ഇന്ന് ഇങ്ങനെ ചിന്തിക്കുന്നുണ്ടാകാം. ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഞാനിത് ഉപേക്ഷിക്കുവാൻ പോകുകയാണ്. ഈ സുവിശേഷം മറ്റുള്ളവരെ സംബന്ധിച്ച് ഇതു നടപ്പാകുകയില്ല.ഞാനതിരുവിട്ടു പോയി. എനിക്കിതു സാധിക്കുകയില്ല.

ഇതുപോലെയാണോ നിങ്ങൾക്കിന്നു തോന്നുന്നത്? ഇനി ശ്രമിക്കുന്നതു കൊണ്ട് ഒരു പ്രയോജനവുമില്ലാത്തതു കൊണ്ട് മേലിൽ ഇക്കാര്യം ശ്രമിക്കേണ്ടന്നാണോ നിങ്ങൾ തീരുമാനിച്ചിരിക്കുന്നത്? ലോകത്തിലേക്കു മടങ്ങിപ്പോയി അവിടുത്തെ നിരർത്ഥകമായ സുഖങ്ങൾ അന്വേഷിക്കാമെന്നാണോ നിങ്ങളുടെ തീരുമാനം? യേശു കർത്താവിന്റെ ഒരു ശിഷ്യനാണെന്ന് അവകാശപ്പെടുന്നതിനെക്കാൾ ഭേദം ക്രിസ്ത്യാനിയാണെന്ന അഭിനയം ഒക്കെ നിർത്തി വച്ച് തീർത്തും ഒരു ലോകനമുഷ്യനായി ജീവിക്കുന്നതാണെന്ന് നിങ്ങൾക്കിപ്പോൾ തോന്നുന്നുവോ?

മീൻപിടിത്തത്തിനു പോകാമെന്നു തീരുമാനിച്ചപ്പോൾ അപ്പോസ്തലന്മാർക്ക് ഈ നിലയിലാണു തോന്നിയത്. ആട്ടെ പൊയ്ക്കോളൂ. മീൻ പിടിത്തത്തിൽ വിജയിക്കാമോ എന്നു പരീക്ഷിച്ചുകൊള്ളൂ എന്നു പറഞ്ഞ് കർത്താവ് അവരെ അതിനു പോകാൻ അനുവദിക്കുകയും ചെയ്തു. അങ്ങനെ പത്രോസും കൂട്ടരും രാത്രി മുഴുവൻ മീൻ പിടിക്കാൻ ശ്രമിച്ചു പക്ഷേ അവർ ദയനീയമായി പരാജയപ്പെട്ടു. അത്തരം ഒരു കാളരാത്രി അവർ ജീവിതത്തിൽ മുൻപ് അനുഭവിച്ചിട്ടുണ്ടാവുകയില്ല.

## ബൈബിളിലെ ആമോസും സെഖര്യാവും സൂചിപ്പിച്ച ഭൂചലനം ഇസ്രായേൽ പുരാവസ്തു ഗവേഷകർ ശരിവെച്ചു



യെരുശലേം: ബൈബിൾ പ്രവചന ഗ്രന്ഥങ്ങളായ ആമോസിലും സെഖര്യാവിലും പരാമർശമുള്ള യെരുശലേമിലെ ഭൂചലനത്തിന്റെ തെളിവുകൾ കണ്ടെത്തിയതായി യിസ്രായേലിലെ പുരാവസ്തു ഗവേഷകർ. ബൈബിൾ ചരിത്രം ശരിവെക്കുന്ന തെളിവുകളുടെ കണ്ടെത്തലാണ് ഇത്. യഹൂദ രാജാവായ ഉസ്സിയാവിന്റെ കാലത്ത് നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും എന്ന് സെഖര്യാവിന്റെ പുസ്തകം 14:5 ലും തെക്കോവയിലെ ഇടയ്ൻമാരിൽ ഒരുത്തനായ ആമോസ് യഹൂദ രാജാവായ ഉസ്സിയാവിന്റെ കാലത്തും ഇസ്രായേൽ രാജാവായ യോവാശിന്റെ മകനായ യൊരോബെയാമിന്റെ കാലത്തും ഭൂകമ്പത്തിന് രണ്ടു സംവത്സരം മുമ്പ് യിസ്രായേലിനെ കുറിച്ച് ദർശിച്ച വചനങ്ങൾ എന്ന് ആമോസിന്റെ പുസ്തകം 1:1 ലും പരാമർശിച്ചിട്ടുള്ള 2800 വർഷം പഴക്കമുള്ള ഭൂചലനത്തിന്റെ തെളിവുകളാണ് കണ്ടെത്തിയത്.

പഴയ യെരുശലേമിലെ നാഷണൽ പാർക്കിൽ അടുത്തകാലത്ത് നടന്ന ഉത്ഖനനത്തിലാണ് തകർന്നടിഞ്ഞ കെട്ടിടങ്ങളുടേയും മതിലുകളുടേയും പാളികളും, തകർന്ന കുടങ്ങൾ, പാത്രങ്ങൾ, വിളക്കുകൾ, പാചകപാത്രങ്ങൾ എന്നിവയും കണ്ടെത്തിയത്. പഴയകാലത്ത് നാശം വിതച്ച ശക്തമായ ഭൂചനങ്ങളിൽ ഒന്നാണിതെന്ന് ഉത്ഖനന മേധാവികൾ പറഞ്ഞു. തകർന്നടിഞ്ഞ നഗരത്തിനുമേൽ ശക്തന്മാരായ ആളുകൾ പുതിയ കെട്ടു പണികൾ ചെയ്ത് ജീവിച്ചു. അതുകൊണ്ടാണ് ഈ അപൂർവ കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞത്. ക്രിസ്തുവിന് മുമ്പ് എട്ടാം നൂറ്റാണ്ടിൽ സംഭവിച്ച പ്രകൃതിദുരന്ത സൂചന യാഥാർത്ഥ്യമാണെന്ന കണ്ടെത്തൽ ബൈബിളിന്റെ ആധികാരികതയും ചരിത്രപരമായ സത്യസന്ധതയും ഉറപ്പിക്കുന്നു.

## പരിവർത്തിത ക്രിസ്ത്യൻ വികസന കോർപറേഷൻ വഴി ദളിത് ക്രൈസ്തവർക്ക് കൂടുതൽ സഹായം ലഭ്യമാക്കും

തിരുവനന്തപുരം: സംസ്ഥാന പരിവർത്തിത ക്രിസ്ത്യൻ വികസന കോർപറേഷൻ വഴി ദളിത് ക്രൈസ്തവർക്ക് ധനസഹായം അടക്കമുള്ള കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ നിയമസഭയിൽ അറിയിച്ചു. മോൻസ് ജോസഫിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇപ്പോൾ സർക്കാർ ഗ്രാൻഡ് കൊണ്ടു മാത്രമാണ് കോർപറേഷൻ പ്രവർത്തനം.

ഇതിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കും. ക്രിസ്തുമതം സ്വീകരിച്ച പട്ടിക ജാതിക്കാർക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്താൻ സംസ്ഥാനത്തിന് മാത്രം കഴിയുകയില്ല. കേന്ദ്ര സർക്കാർ കൂടി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈ വിഭാഗങ്ങളുടെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 2020 ജനുവരിയിലാണ് വർദ്ധിപ്പിച്ചത്. ദളിത് ക്രിസ്ത്യൻ വിഭാഗത്തിനെ ഒഇസിയിൽ പെടുത്തി പട്ടിക ജാതി വിഭാഗങ്ങൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വരുമാന പരിധിയില്ലാതെ നൽകുന്നു. ദളിത് ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഒബിസി വിഭാഗത്തിലാണ് തൊഴിൽ സംവരണം നൽകുന്നത്. ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ രണ്ടു ശതമാനവും മറ്റു വിഭാഗങ്ങളിൽ ഒരു ശതമാനവുമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു.

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033. Email – maanueljoseph@gmail.com.

## ക്രിസ്തുവിനെ അനുഗമിക്കാൻ ലോകത്തെമ്പാടുമുള്ള യുവജനങ്ങളോട് ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപ്പാപ്പ



വത്തിക്കാൻ സിറ്റി: ക്രിസ്തുവിനെ അനുഗമിക്കാൻ ലോകമെമ്പാടുമുള്ള യുവജനങ്ങളോട് ആഹ്വാനം ചെയ്ത് ഫ്രാൻസീസ് പാപ്പ. വിശ്വപ്രസിദ്ധമായ മരിയൻ തീർത്ഥാടന കേന്ദ്രമായ മെഡ്ജുഗോറിയ ആതിഥേയത്വം വഹിക്കുന്ന അന്താരാഷ്ട്ര യുവജന സംഗമമായ മ്ളാഡിഫെസ്റ്റിനെ അഭിസംബോധന ചെയ്ത് അയച്ച സന്ദേശത്തിലാണ് യുവജനങ്ങളോട് ക്രിസ്തുവിനെ സധൈര്യം അനുകരിക്കാൻ മാർപ്പാപ്പ ആഹ്വാനം ചെയ്തത്. ധനവാനായ യുവാവ് യേശുവിനോട് ചോദിക്കുന്ന നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം എന്ന തിരുവചനമാണ് സമ്മേളനത്തിന്റെ ആപ്തവാക്യം. പ്രസ്തുത വചനഭാഗത്തെ ആസ്പദമാക്കിയായിരുന്നു സന്ദേശം. സുവിശേഷത്തിൽ പേരു പറയാത്തതും എന്നാൽ നമുക്കറിയാവുന്ന ആ യുവാവ് സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരുടേയും പ്രതീകമാണെന്നും പറഞ്ഞ മാർപ്പാപ്പ യേശുവിനെ അനുഗമിക്കുന്നത് ഒരു നഷ്ടമല്ല അത് കണക്കാക്കാൻ സാധിക്കാത്ത നേട്ടമാണെന്ന് യുവജനങ്ങളെ ഓർമിപ്പിച്ചു.

## ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ജനറൽ ക്യാമ്പ്

കോട്ടയം: ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ബോർഡിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം 19,20 തീയതികളിൽ കുഞ്ഞുങ്ങൾക്കായി സൺഡേസ്കൂൾ ജനറൽ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. വൈവിധ്യമാർന്ന പ്രോഗ്രാമുകളുമായി എക്സൽ മിനിസ്ട്രീസ് ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നു. വൈകിട്ട് 4 മണി മുതൽ 6 മണി വരെ നടക്കുന്നു. ഈ കാലയളവിൽ നമ്മുടെ കുഞ്ഞുങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ കഴിയുന്ന തലത്തിൽ പ്രോഗ്രാമുകൾ സംഘടിപ്പിച്ചിരിക്കുന്നു എന്ന് സംഘാടകർ അറിയിച്ചു.



THE ENDTIME NEWS



# അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ക്ഷേമ പെൻഷനുകൾക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ്



**അഗതിമന്ദിരങ്ങളിലെ അന്തേവാസികളോട് സർക്കാരിന്റെ ക്രൂരത; ഇനി അവർക്ക് പെൻഷനില്ല**

അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്ക് യാതൊരുവിധ ക്ഷേമ പെൻഷനുകൾക്കും അർഹതയില്ലെന്ന് സർക്കാർ ഉത്തരവ്. ധനവകുപ്പാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2016 ജനുവരി 30 ന് സാമൂഹ്യ നീതി വകുപ്പ് ഇറക്കിയ ഉത്തരവ് പ്രകാരം ഏതെങ്കിലും ക്ഷേമ പെൻഷന് ഇത്തരം അന്തേവാസികൾക്ക് അർഹതയുണ്ടായിരുന്നു. ഇതിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയില്ല എന്ന് ധനവകുപ്പ് ജോയിന്റ് സെക്രട്ടറി ഉത്തരവിറക്കിയത്.

ഇതോടെ അഗതി അനാഥമന്ദിരങ്ങളിലെ പതിനായിരക്കണക്കിന് വൃദ്ധരും അംഗപരിമിതരും മാനസിക വൈകല്യമുള്ളവരും ഭിന്നശേഷിക്കാരായ അന്തേവാസികൾക്കു പെൻഷൻ ലഭിക്കാതാകും. ബിപിഎൽ, എപിഎൽ വ്യത്യാസമില്ലാതെ വീടുകളിൽ താമസിക്കുന്ന അനേക ലക്ഷംപേർക്ക് വിവിധ ക്ഷേമ പെൻഷനുകൾ വീട്ടിൽ കൊണ്ടുചെന്നു നൽകുന്നതിനിടയ്ക്കാണ് ഈ വിരോധാഭാസം. അന്തേവാസികൾ അനാഥമന്ദിരങ്ങളുടെ പൂർണ സംരക്ഷണയിലാണെന്നും, അർഹതയുള്ള അഗതിമന്ദിരങ്ങൾക്കു സർക്കാർ സഹായം നൽകുന്നുണ്ടെന്നുമാണ് പുതിയ ഉത്തരവിലെ ന്യായീകരണം.

2014 ന് ശേഷം രജിസ്റ്റർ ചെയ്ത 500 ലധികം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നില്ല.മറ്റു സ്ഥാപനങ്ങളിൽ ഗ്രാന്റായി നൽകുന്നത് ഒരാൾക്ക് 1100 രൂപ വീതം മാത്രവും. സ്ഥാപനങ്ങൾ ചെലവഴിച്ച തുക നടപടി ക്രമങ്ങൾ പൂർത്തിയാക്കി സർക്കാറിന്റെ പണലഭ്യത അനുസരിച്ച് മാത്രമാണ് തിരിച്ചുനൽകുന്നത്. എല്ലാ സർക്കാർ ക്ഷേമപെൻഷനുകളും 1600 രൂപയാണെന്നിരിക്കേയാണ് അന്തേവാസികൾക്ക് 1100 രൂപ നൽകുന്നത്. ഏഴുവർഷം മുമ്പ് ഉമ്മൻചാണ്ടി സർക്കാരാണ് ഗ്രാന്റ് 250 രൂപയിൽ നിന്ന് 1000 രൂപയാക്കിയത്. കഴിഞ്ഞ 6 വർഷത്തിനുള്ളിൽ വെറും 100 രൂപ മാത്രമാണ് ഗ്രാന്റ് വർധിപ്പിച്ചത്.

കോവിഡ് മൂലം സാമ്പത്തിക പ്രതിസന്ധിയെന്നു പറഞ്ഞ് വൃദ്ധസദനങ്ങൾക്ക് കഴിഞ്ഞ വർഷം ചെലവഴിച്ച തുകയിൽ സാമൂഹ്യനീതി വകുപ്പിന്റെ സോഷ്യൽ ഓഡിറ്റിനുശേഷം 40 ശതമാനം മാത്രമേ ഇതുവരെ വിതരണം ചെയ്തുള്ളു. ശാരീരിക വൈകല്യമുള്ളവരുടെ സ്ഥാപനങ്ങൾക്കും സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്കും നടപടികൾ പൂർത്തിയാക്കിയിട്ടും ചെലവഴിച്ച തുകയിൽ ഒരു രൂപപോലും നൽകിയിട്ടില്ല. കോവിഡിന്റെ 18 മാസ കാലയളവിൽ അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്കു 4 പേർക്ക് ഒന്നെന്ന നിലയിൽ 3 തവണയായ സൗജന്യ കിറ്റുകൾ നൽകിയിട്ടുള്ളൂ. ഈ ഓണത്തിന് ഇതുവരെ അഗതിമന്ദിര അന്തേവാസികൾക്ക് കിറ്റ് പ്രഖ്യാപിച്ചിട്ടുമില്ല.

## വിപ്ലവാനന്തര സുഡാനിൽ മതന്യൂനപക്ഷ സംരക്ഷണ നടപടികൾ: പ്രതീക്ഷയോടെ ക്രൈസ്തവ സമൂഹം

ക്രൈസ്തവർ ഉൾപ്പെടുന്ന മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള മതപീഢനത്തിന്റെ കാര്യത്തിൽ അമേരിക്കയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും വിമർശനമേറ്റു വാങ്ങിക്കൊണ്ടിരിക്കുന്ന വടക്ക് കിഴക്കൻ ആഫ്രിക്കൻ രാജ്യമായ സുഡാന്റെ പ്രതിഛായ അന്താരാഷ്ട്ര തലത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സുഡാനി സർക്കാർ കൈക്കൊണ്ട നടപടികളിൽ പ്രതീക്ഷയോടെ ക്രൈസ്തവർ. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ പുതിയ സുഡാനി സർക്കാർ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചുള്ള ക്രൈസ്തവരുടെ വിലയിരുത്തൽ പബ്ലിക് റേഡിയോ ഇന്റർനാഷണൽ ആണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പുതിയ സർക്കാർ കൈക്കൊണ്ട നടപടി ക്രൈസ്തവർ സ്വാഗതം ചെയ്യുന്നുണ്ട്. എന്നാൽ മതന്യൂനപക്ഷങ്ങളെ ഉൾക്കൊള്ളുന്ന കാര്യത്തിൽ രാഷ്ട്രം ഇനിയും ഒരുപാട് മുന്നോട്ട് പോകാനുണ്ടെന്നാണ് ഭൂരിപക്ഷാഭിപ്രായം. വർഷങ്ങളോളം അറബ് ഭരണകൂടങ്ങളുടെ കീഴിൽ കഴിഞ്ഞിരുന്ന സുഡാനി ക്രൈസ്തവർ നിർബന്ധിത മതപരിവർത്തനം ഉൾപ്പെടെയുള്ള കടുത്ത മതപീഢനമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. പുതിയ സർക്കാർ വന്നതിന് ശേഷം പഴയ അവസ്ഥയിൽ നിന്നും അൽപ്പം അയവ് വന്നിട്ടുണ്ട്.വിപ്ലവത്തെ തുടർന്ന് 2019 ൽ പ്രസിഡന്റ് ഒമർ അൽ ബാഷിർ അധികാരത്തിൽ നിന്നും പുറത്തായ ശേഷമാണ് കാര്യങ്ങളിൽ മാറ്റം വന്നു തുടങ്ങിയത്.

ക്രൈസ്തവരും, യഹൂദരും മതപീഢനം സഹിക്കാതെ പലായനം ചെയ്തവരോട് തിരികെ വരാൻ സുഡാനി മതകാര്യ മന്ത്രി നാസർ എഡ്ഡിൻ മൊഫാര അഭ്യർത്ഥിച്ചിട്ടുണ്ട്.രാജ്യത്ത് പ്രാബല്യത്തിൽ ഇരുന്ന മതപരിവർത്തന വിരുദ്ധ നിയമം റദ്ദാക്കിയിരുന്നു.പുതിയ സർക്കാർ ക്രൈസ്തവർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് ക്രിസ്ത്യാനിയായ വാഗ്ദി ആദിൽ പറഞ്ഞു.

## തിമഥി ഇൻസ്റ്റിറ്റ്യൂട്ട് യു എ ഇ ചാപ്റ്റർ ത്രിദിന വിബിഎസ് ആഗസ്റ്റ് 24 മുതൽ 26 വരെ

യുഎഇ: തിമഥി ഇൻസ്റ്റിറ്റ്യൂട്ട് യുഎഇ ചാപ്റ്ററിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ഓൺലൈൻ വി ബി എസ് നടത്തുന്നു. ആഗസ്റ്റ് 24 മുതൽ 26 വരെ വൈകുന്നേരം 6 മണി മുതൽ 8 മണി വരെ വിർചൽ പ്ലാറ്റ്ഫോമിൽ (സൂം) നടക്കും. മുൻകൂർ രജിസ്ട്രേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

യുഎഇ യിലെ വിവിധ ഇടങ്ങളിലെ തിമഥി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർ വി ബി എസിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക്: നെവിൻ മങ്ങാട്ട് (ദുബായ്) +971558960022,

വിൻസി പി മാമൻ (അൽ എയിൻ) +971586388066,

നൈനാൻ പി ഡാനിയേൽ (ദുബായ്) +971504696991,

സോളി ജോൺ (അബുദാബി) +971504169536

രജിസിട്രേഷൻ ലിങ്ക്-

https://forms.gle/HnbMf2XTwPhii7vQ8

Available on the iPhone App Store
ANDROID APP ON Google play
THE ENDTIME NEWS




# കൊതി തീർക്കുന്ന ദൈവം!

## സാജു

ആധുനിക കാലത്ത് സമൃദ്ധിയുടെ പ്രവാചകന്മാർ നമ്മുടെ പ്രാർത്ഥനയുടെ ഋജുതയെപ്പറ്റി വാചാലരാകാറുണ്ട്.

എന്താണു നിങ്ങൾ ആഗ്രഹിക്കുന്നത്? അതു ദൈവത്തോടു പറയൂ. കാർ ആണോ, ഏതു കാർ? മോഡൽ? നിറം? എന്തും ചോദിച്ചോളൂ. ദൈവത്തിന്റെ ഫാക്ടറിയിൽ എല്ലാം റെഡി.

ആഗ്രഹിക്കുന്നതെല്ലാം കിട്ടുന്ന അവസ്ഥ എത്ര രസകരമായിരിക്കും. അല്ലേ? അങ്ങനെയെങ്കിൽ ദൈവത്തെ കുറെക്കൂടെ ആരാധിക്കാനോ, വേണ്ടി വന്നാൽ ഉപവാസമെടുക്കാനോ നമുക്കു ബുദ്ധിമുട്ടുണ്ടാവുകയില്ല.

ആഗ്രഹിക്കുന്നതൊക്കെ ദൈവം തരുമോ?
നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല...(ആഗ്രഹിച്ചിട്ടും ലഭിക്കുന്നില്ല) എന്ന് യാക്കോബ് അപ്പോസ്തലൻ പറയുന്നുണ്ട്.(യാക്കോബ്4:2) എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത് മറ്റൊന്നാണ്, അങ്ങനെ അവർ തിന്നു തൃപ്തരായിത്തീർന്നു; അവർ ആഗ്രഹിച്ചത്അവൻ അവർക്കു കൊടുത്തു( സങ്കീ78:29)
യിസ്രായേലിന്റെ ചരിത്രത്തിൽ ദൈവം ചെയ്ത ചില കാര്യങ്ങളുടെ വിശകലനമാണ് ഈ സങ്കീർത്തനം.

ദൈവം യിസ്രായേലിനെ മിസ്രയീമിൽ നിന്നു വിടുവിച്ച് മരുഭൂമിയിലൂടെ നടത്തി. അവർക്കു ദാഹിച്ചപ്പോൾ ദൈവം അവർക്ക് പാറയെ



പിളർന്ന് വെള്ളം കൊടുത്തു. ഭക്ഷണത്തിനും അവർക്ക് വലിയ മുട്ടില്ലായിരുന്നു എന്നു വേണം കരുതാൻ. എന്നാൽ യിസ്രായേൽ അസംതൃപ്തരായ ഒരു ജനമായിരുന്നു.

അസംതൃപ്തി നന്ദികേടിന്റെ പ്രതിഫലനമാണ്. യിസ്രായേലിന്റെ ചരിത്രം മുഴുവൻ പഠിച്ചാൽ നമുക്കറിയാനാവുന്ന ഒരു കാര്യം അവർ നന്ദി പ്രകാശിപ്പിക്കുന്നതിൽ വളരെ വിമുഖരായിരുന്നു എന്നാണ്. ശുദ്ധരായിത്തീർന്ന പത്തു കുഷ്ഠരോഗികളിൽ യിസ്രായേല്യരായ ഒമ്പതു പേരാണല്ലോ നന്ദികെട്ടവരായി പ്രവർത്തിക്കുന്നത്! (ലൂക്കോസ്17:11-19) ചെങ്കടൽ കടന്നെത്തിയ ജനം ചില ദിവസങ്ങൾക്കുള്ളിൽ ശൂർ മരുഭൂമിയിൽ വച്ച് ദൈവത്തോടു പിറുപിറുക്കുന്നു(പുറപ്പാട്15:23,24) ഫറവോന്റെ സൈന്യം വേട്ടയാടിയപ്പോൾ അവരിൽ നിന്നും രക്ഷിച്ച് ചെങ്കടലിലെ ഉണങ്ങിയ നിലത്തിലൂടെ ദൈവം നടത്തിയ വഴികൾക്ക് ദൈവത്തോടു നന്ദിയുള്ളവരായിരിക്കാൻ അവർക്കു കഴിഞ്ഞില്ല. മാറായിലെ മധുര വെള്ളം കുടിച്ച് എലീമിൽ നിന്ന് ഈന്തപ്പഴം കഴിച്ച് സീൻ മരുഭൂമിയിലെത്തിയതോടെ വീണ്ടും നന്ദികേടിന്റെ പ്രതിഫലനമായി അവർ പിറുപിറുക്കുകയാണ്(പുറപ്പാട്16:2)

അവരുടെ മത്സരവും പിറുപിറുപ്പും പലപ്പോഴും അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നത് അവർ മരുഭൂമിയിലായിരിക്കുമ്പോഴാണ് എന്നു തോന്നുന്നു. എലീമിൽ വെച്ച് അവർ പിറുപിറുക്കുന്നില്ലല്ലോ. സാഹചര്യങ്ങൾ എല്ലാം അനുകൂലമായിരിക്കുമ്പോൾ പിറുപിറുപ്പില്ല. അൽപ്പം ചൂട്....അല്ലെങ്കിൽ വിശപ്പ് ...യിസ്രായേൽ തനിസ്വഭാവം പുറത്തെടുക്കുകയായി. അതുവരെ ദൈവം ചെയ്തത് എല്ലാം അവർ മറന്നു. അവർ നന്ദി കെട്ടവരായിത്തീരുന്നു; അവർ പിറുപിറുപ്പുള്ളവരായിത്തീരുന്നു.

യിസ്രായേൽ മിക്കപ്പോഴും ദൈവത്തോടു പിറുപിറുക്കുന്നത്. അവരുടെ ആവശ്യങ്ങൾ ദൈവത്തോടു നിർവ്വഹിക്കാത്തതിനാലല്ല, അവരുടെ ദുരാഗ്രഹങ്ങൾ ദൈവം നൽകാത്തതിനാലാണ്. അവരുടെ ഇടയിലുള്ള സമ്മിശ്രജാതി ദുരാഗ്രഹികളായി എന്നാണ് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.(സംഖ്യ11:4)

നമ്മുടെ ആവശ്യങ്ങളെ നിർവ്വഹിച്ചുതരുന്നൊരു ദൈവമാണ് നമുക്കുള്ളത്. ആവശ്യങ്ങളെ നാം സ്തോത്രത്തോടെ അറിയിച്ചാൽ മാത്രം മതി(ഫിലി4:6) നന്ദിയുള്ളവരായിരിക്കണം നാം. നമ്മുടെ ആവശ്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ളവനാണ് നമ്മുടെ സ്വർഗസ്ഥപിതാവ് (മത്തായി6:33) അവിടുന്ന് നമ്മുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണ

മായി തീർത്തു തരും (ഫിലി4:19)

ആവശ്യങ്ങളെ ദൈവത്തോടു ചോദിക്കുന്നത് നല്ല കാര്യം. എന്നാൽ യിസ്രായേൽ മക്കൾ എന്താണു ചോദിച്ചത്? തങ്ങളുടെ കൊതിക്ക് ഭക്ഷണം ചോദിച്ചു കൊണ്ട് അവർ ദൈവത്തെ പരീക്ഷിച്ചു( സങ്കീ78:18) എന്തായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്? സീൻ മരുഭൂമിയിൽ വച്ച് യിസ്രായേൽ ജനം യഹോവയോട് പിറുപിറുക്കുന്ന വാക്കുകൾ നമുക്കു ശ്രദ്ധിക്കാം.

യിസ്രായേൽ മക്കളും വീണ്ടും കരഞ്ഞുകൊണ്ട് ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്രയീമിൽ വച്ച് വില കൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല എന്നു പറഞ്ഞു.(സംഖ്യ11:4-6).

മിസ്രയീമിലെ ഭക്ഷണത്തെപ്പറ്റി അവർ മഹിമയായി സംസാരിക്കുന്നു. മന്നയെക്കാൾ ശ്രേഷ്ഠമായിരുന്നു അത് എന്ന് അവർ പറയുന്നു. തന്നെയുമല്ല, അവർക്കത് വിലകൊടുക്കാതെ കിട്ടുകയും ചെയ്തിരുന്നു.....

എന്നാൽ, എന്താണ് വാസ്തവം? യിസ്രായേൽ മിസ്രയീമിൽ അടിമകളായിരുന്നു എന്നോർക്കണം. അടിമപ്പണി ചെയ്തതിന് അവർക്കു കിട്ടിയ റേഷനാണ് ഈ ഉള്ളിയും ചിറ്റുള്ളിയും വെള്ളരിക്കായും മത്തങ്ങായും!!! എല്ലുമുറിയെ പണിയെടുക്കുന്നതിനുള്ള കൂലി!!! മിസ്രയീമിൽ ഉള്ളി സൗജന്യമായിക്കിട്ടി എന്നുപറയുന്നത് ജയിലിൽ ഗോതമ്പുണ്ട ഫ്രീയായിരുന്നു എന്നു പറയുന്നതുപോലെയുള്ളൂ.

ഇപ്പോൾ യിസ്രായേൽ മക്കൾക്ക് ഭക്ഷണമായി ആവശ്യത്തിനു മന്നാ കിട്ടിയിട്ടുണ്ട്. എന്നാൽ അവർക്കതു മടുത്തു. ഉള്ളിയായിരുന്നു ഭേദം എന്നവർ പറയുന്നു. മന്നാ അല്ലാതെ വേറെ ഒന്നുമില്ലേ എന്നാണവരുടെ ചോദ്യം. മന്നാ അത്ര മോശമാണോ? എന്താണു മന്നാ? മന്നയെപ്പറ്റിയുള്ള വിവരണങ്ങൾ ശ്രദ്ധിക്കുക.

അവൻ മീതെ മേഘങ്ങളോട് കൽപ്പിച്ചു; ആകാശത്തിന്റെ വാതിലുകളെ തുറന്നു. അവർക്കു തിന്മാൻ മന്ന വർഷിപ്പിച്ചു; സ്വർഗീയധാന്യം അവർക്കു കൊടുത്തു. മനുഷ്യർ ശക്തന്മാരുടെ അപ്പം തിന്നു; അവൻ അവർക്ക് തൃപ്തിയാകും വണ്ണം ആഹാരം അയച്ചു(സങ്കീർത്തനം78:23,25).

ശക്തന്മാരുടെ ആഹാരം എന്നാൽ ദൂതന്മാരുടെ ആഹാരമാണ് അത് കുറച്ചൊന്നുമല്ല, മഴപോലെ വർഷിപ്പിക്കുകയായിരുന്നു തൃപ്തിയാകുവോളം അതു നൽകി. വേണ്ടുവോളം ഭക്ഷണം- ദൂതന്മാരുടെ ആഹാരം! എന്നാൽ മന്നാ കൊണ്ടു തൃപ്തരാകാൻ യിസ്രായേൽ മക്കൾ തയ്യാറല്ലായിരുന്നു. മന്നാ രുചിയേറിയ ഭക്ഷണവുമായിരുന്നു- എണ്ണ ചേർത്തുണ്ടാക്കിയ ദോശപോലെ! (സംഖ്യ11:8) പോഷകസമ്പുഷ്ടവും രുചികരവുമായ ഭക്ഷണത്തിൽ അവർക്ക് തൃപ്തിപ്പെടാമായിരുന്നു. എന്നാൽ യിസ്രായേൽ മക്കൾ അടിസ്ഥാനപരമായി അസംതൃപ്തരായിരുന്നു. അവർക്ക് ഇറച്ചിയോട് കൊതി തോന്നി(പുറപ്പാട്16:3).

നിലവിലുള്ള സൗകര്യങ്ങളിൽ അസംതൃപ്തി തോന്നുന്നതാണ് കൊതിക്കു കാരണം. അക്കാര്യത്തിൽ യിസ്രായേൽ മക്കൾ മാത്രമല്ല, നമ്മളിൽ മിക്കവരും തെറ്റുകാരാണ്. പുതിയതോരോന്നു കാണുമ്പോഴും നമ്മുടെ സൗകര്യങ്ങൾ ഒന്നുമല്ലെന്ന നൊമ്പരം, പിറുപിറുപ്പ്....! കൊതിയാണ് എല്ലാത്തിനും പിന്നിൽ .പിന്നെ, പ്രാർത്ഥനയായി- നമ്മെ കൊതിപ്പിക്കുന്ന വസ്തുവിന്റെ ലഭ്യതയ്ക്കായി!

കൊതി മിക്കപ്പോഴും എന്നല്ല, എല്ലായ്പ്പോഴും പിറുപിറുപ്പു തന്നെയാണ് പുറത്തുകൊണ്ടു വരുന്നത്. ദൈവമെ,....എന്തോരു കഷ്ടമാണിത്? ഇക്കാലത്ത് ഏതെങ്കിലും ഉപദേശി സൈക്കിളിൽ നടക്കുന്നത് നീ കണ്ടിട്ടുണ്ടോ? ഞാൻ ഇത്രയും വിശ്വസ്തതയോടെ നിന്നെ സേവിച്ചിട്ടും എന്താ നീയെനിക്കൊരു സ്കൂട്ടർ തരാത്തത്? ദൈവമെ , തുണിയലക്കി ഞാൻ മടുത്തു. ഒരു വാഷിംഗ് മെഷീൻ എനിക്കു തന്നാലെന്താ നിനക്ക്? ദൈവമെ, എത്രനാളായി ഞങ്ങൾ വാടകവീടു മാറിമാറി നടക്കുന്നു. ഒരു കരുതലുമില്ലേ നിനക്ക്? എന്നൊക്കെയാണ് നാം പ്രാർത്ഥിക്കുന്നത്. കൊതിയും പിറുപിറുപ്പും ഇരട്ട സഹോദരന്മാരാണ്!

ദൈവം നമ്മെ നയിക്കുന്ന സാഹചര്യങ്ങളിൽ സംതൃപ്തരായിരിക്കാൻ കഴിയുന്നതാണ് പിറുപിറുപ്പൊഴിവാക്കാനുള്ള ഏക മാർഗം. പൗലോസ് പറയുന്നതു ശ്രദ്ധിക്കുക.

ഏത് അവസ്ഥയിലും ഒരുപോലെ സംതൃപ്തരായിരിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. ഒന്നുമില്ലാത്ത അവസ്ഥയിൽ എങ്ങനെ കഴിയണമെന്ന് ഞാൻ പഠിച്ചിട്ടുണ്ട്. സമൃദ്ധി എങ്ങനെ കഴിയണമെന്ന് ഞാൻ പഠിച്ചിട്ടുണ്ട്. ഏതൊരു സാഹചര്യത്തിലും, എല്ലാസാഹചര്യത്തിലും സുഭിക്ഷതയെയും വിശപ്പിനെയും , സമൃദ്ധിയെയും ബുദ്ധിമുട്ടിനെയും കൈകാര്യം ചെയ്യാനുള്ള വഴി എനിക്കറിയാം( ഫിലിപ്യർ4:11,12) .

എല്ലാവരും അതു പഠിക്കുന്നില്ല. മിക്കവരും കൊതി നിറഞ്ഞവരായി പിറുപിറുപ്പോടെ ദൈവത്തെ നേരിടുന്നു. ദൈവം അങ്ങനെയുള്ളവരോട് എങ്ങനെയായിരിക്കും ഇടപെടുക? ദൈവം അവന് കൊതി തീരുവോളം കൊടുക്കുന്നു. എന്നാണ് നമുക്കു കാണാൻ കഴിയുന്നത്.

യിസ്രായേൽ മക്കൾ കൊതിയോടെ ഇറച്ചിക്കായി ദൈവത്തോടു ചോദിച്ചു. ദൈവം പറയുന്നതു ശ്രദ്ധിക്കുക.

നിങ്ങൾ ഇറച്ചി തിന്നും; ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? മിസ്രയീമിൽ ഞങ്ങൾക്കു നന്നായിരുന്നു എന്നു നിങ്ങൾ പറഞ്ഞ് യഹോവ കേൾക്കെ കരഞ്ഞുവല്ലോ. ആകയാൽ യഹോവ നിങ്ങൾക്ക് ഇറച്ചി തരികയും നിങ്ങൾ തിന്നുകയും ചെയ്യും....അതു നിങ്ങളുടെ മൂക്കിൽ കൂടെ പുറപ്പെട്ട് നിങ്ങൾക്ക് ഓക്കാനം വരുവോളം നിങ്ങൾ തിന്നും.(സംഖ്യ11:18-20)

പിറുപിറുക്കുന്നവന് ദൈവം അവൻ കൊതിക്കുന്നതു നൽകും. എന്നാൽ അത് അഭികാമ്യമായ കാര്യമാണോ?

പലരും തങ്ങൾ ചോദിച്ചതെല്ലാം ദൈവം നൽകി എന്നു വീമ്പിളക്കുമ്പോൾ എനിക്ക് പേടിയാണ് തോന്നാറ്. കാരണം, ദൈവം ഒരാളുടെ കൊതി മുഴുവൻ തീർത്തുകൊടുക്കുന്നുവെങ്കിൽ, അയാളെ ദൈവം കൈവിട്ടുവെന്നാണ് എന്റെ ചിന്ത. പലപ്പോഴും വധിക്കപ്പെടുന്നവനു ലഭിക്കുന്ന കൊലച്ചോറു പോലെയാണ് അവൻ കൊതിച്ചത് അവനു കിട്ടുന്നത്.

മരുഭൂമിയിൽ വെച്ച് അവർ ഏറ്റവും മോഹിച്ചു; നിർജ്ജനപ്രദേശത്ത് അവർ ദൈവത്തെ പരീക്ഷിച്ചു.

അവൻ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു; എങ്കിലും അവരുടെ പ്രാണനു ക്ഷയം അയച്ചു....(സങ്കീ106:14,15)

യിസ്രായേൽ മക്കൾക്ക് ഇറച്ചി കിട്ടി.....കർത്താവു പറഞ്ഞതു പോലെ, അവർ ഇറച്ചി മൂക്കറ്റം തിന്നു. എന്നാൽ ഇറച്ചി അവരുടെ പല്ലിനിടയിൽ ഇരിക്കുമ്പോൾ തന്നെ, അതു ചവച്ചിറക്കും മുമ്പു തന്നെ യഹോവയുടെ കോപം ജനത്തിന്റെ നേരെ ജ്വലിച്ചു; യഹോവ ജനത്തെ ഒരു മഹാബാധ കൊണ്ട് സംഹരിച്ചു.( സംഖ്യ11:31-34)

കൊതിവരുത്തുന്ന വിന എത്ര ഭീകരം! ഞാൻ കൊതിച്ചതെല്ലാം ദൈവം എനിക്കു നൽകി എന്നു വീമ്പിളക്കുന്നതിനെക്കാൾ നല്ലത്, കൊതി വിനയാകും മുമ്പ് അതിന്റെ വഴി തിരിച്ചറിഞ്ഞ് അവയെ ഉപേക്ഷിക്കുന്നതല്ലെ?

എല്ലാം ആരംഭിക്കുന്നത് അസംതൃപ്തിയിൽ നിന്നാണ്. ദൈവം നൽകുന്ന സാഹചര്യങ്ങളിൽ സംതൃപ്തനല്ലാത്തവൻ ദൈവത്തോടു നന്ദിയില്ലാത്തവനാണ്. അവൻ കൂടുതൽ കൊതിക്കുന്നത് ദുരാഗ്രഹം കൊണ്ടാണ്. കൊതിയും പിറുപിറുപ്പും ഇരട്ട സഹോദരങ്ങളായതിനാൽ കൊതിക്കു പുറകെ പിറുപിറുപ്പുണ്ടാവാതെ വരില്ല. പിറുപിറുക്കുന്നവന്റെ കൊതി ദൈവം തീർത്തു തന്നേക്കാം. എന്നാൽ അതിനു പിന്നാലെ വരുന്നത് പ്രാണന്റെ ക്ഷയമാണ്.

Available on the iPhone App Store
ANDROID APP ON Google play

THE END TIME NEWS
VOICE OF HARVESTING SOULS MISSION




printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




# US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

## OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015